# പതിമൂന്നാം കേരളനിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4728 28.06.2013-ൽ മറുപടിക്ക്.

**ഗ്രാമസഭകളെ ശാക്തീകരിക്കുവാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ഉബൈദുള്ള | ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) ഗ്രാമസഭകളിൽ ജനപങ്കാളിത്തം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഗ്രാമസഭകളെ ശാക്തീകരിക്കുന്നതിനും പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്; വിശദീകരിക്കാമോ;<br>(സി) യുവജനങ്ങളെ അധികാര വികേന്ദ്രീകരണത്തെക്കുറിച്ചും ജനാധിപത്യ ഭരണ സംവിധാനങ്ങളുടെ സവിശേഷതകളെക്കുറിച്ചും ബോധവൽക്കരിക്കാൻ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുമോ? | (ബി) & (സി) തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെ കേന്ദ്രബിന്ദുവാണ് ഗ്രാമസഭകൾ. ജനപങ്കാളിത്തം, സുതാര്യത, കാര്യക്ഷമത എന്നിവ ഉറപ്പാക്കുന്നതിലൂടെ മാത്രമാണ് അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പ്രാവർത്തികമാവുകയുള്ളൂ. ഈ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് അടിസ്ഥാനപരമായി വേണ്ടത് ഗ്രാമസഭകളെ ശക്തിപ്പെടുത്തുക എന്നതാണ്. ഓരോ പൗരന്റെയും സജീവപങ്കാളിത്തം ഗ്രാമസഭയിൽ ഉറപ്പാക്കുന്നതിന് ഗ്രാമസഭകൾ ഭരണഘടനാനുസൃതമായിട്ടുള്ളതും ഗ്രാമതലത്തിൽ ജനങ്ങളുടെ ഉന്നതമായ ജനാധിപത്യ പ്രക്രിയയുടെ വേദിയും ആണെന്ന അവബോധം ജനങ്ങളിൽ ഉണ്ടാക്കുക, വിഭവ സമാഹരണം വിനിയോഗം എന്നിവയുടെ വിശദാംശങ്ങളെപ്പറ്റിയുള്ള അറിവ്, വികസന പ്രവർത്തനങ്ങളും അവയുടെ വിലയിരുത്തലും, സേവനങ്ങൾ അവകാശമാണെന്ന തിരിച്ചറിവ് തുടങ്ങിയവ പ്രാവർത്തികമാക്കാനായി 'കില' ശാസ്ത്രീയമായ ഒരു പരിശീലന പരിപാടി നടത്തിയിട്ടുണ്ട്. മെമ്പർമാർക്കായി 16680 ഗ്രാമസഭാ വാർഡുകളിലും പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. |

ഗ്രാമസഭകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12.01.2012 ലെ സ.ഉ.(സാധാ) നം.135/12/തസ്വഭവ ഉത്തരവ് പ്രകാരം കേരളത്തിലെ 134 നിയമസഭാ നിയോജക മണ്ഡലങ്ങളിലും തെരഞ്ഞെടുക്കപ്പെടുന്ന ഒരു പഞ്ചായത്തിലെ ഒരു വാർഡിൽ ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി പങ്കെടുക്കുന്ന ഗ്രാമയാത്രയുടെ ഭാഗമായി വിശേഷാൽ ഗ്രാമസഭ നടത്തി വരുന്നുണ്ട്.

ജനപങ്കാളിത്തത്തോടെ ഗ്രാമസഭകളെ എങ്ങനെ ഫലപ്രദമാക്കാമെന്ന് പഠിക്കുന്നതിനായി ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി പഠനയാത്ര നടത്തുന്ന ഓരോ വാർഡിലും ഓരോ ജനകീയ കമ്മീഷൻ രൂപീകരിക്കുന്നു. ഈ കമ്മിഷനുകൾ നൽകുന്ന റിപ്പോർട്ടുകൾ കേന്ദ്രീകരിച്ച് ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിനുള്ള പുതിയ ജനകീയ മാർഗ്ഗരേഖ ഈ പ്രക്രിയയിലൂടെ രൂപം കൊള്ളുന്നതാണ്.

സെക്ഷൻ ആഫീസർ